**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1679</u>** **<u>19-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>റൂറൽ എക്കണോമിക്സ് ലക്ചറർ തസ്തിക</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൽദോസ് പി. കുന്നപ്പിള്ളിൽ | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഏതെല്ലാം സ്ഥാപനങ്ങളിലാണ് റൂറൽ എക്കണോമിക്സ് ലക്ചറർ തസ്തികകൾ ഉള്ളത്; ഇവയുടെ വിദ്യാഭ്യാസ യോഗ്യതയും ശമ്പള സ്കെയിലും വ്യക്തമാക്കാമോ; | (എ) | ഗ്രാമ വികസന വകുപ്പിനു കീഴിൽ മണ്ണുത്തി, കൊട്ടാരക്കര, തളിപ്പറമ്പ് എന്നീ വികസന പരിശീലന കേന്ദ്രങ്ങളിൽ റൂറൽ എക്കണോമിക്സ് ലക്ചറർ തസ്തികകൾ നിലവിലുണ്ട്. വിദ്യാഭ്യാസ യോഗ്യത- 50% മാർക്കോടു കൂടി എക്കണോമിക്സിലോ അപ്ലൈഡ് എക്കണോമിക്സിലോ മാസ്റ്റർ ബിരുദം. ശമ്പള സ്കെയിൽ- ലക്ചറർ റൂറൽ എക്കണോമിക്സ് ഗ്രേഡ് 1-35700 – 75600 ഗ്രേഡ് II -29200-62400 കിലയിൽ നിലവിൽ ഒരു തസ്തിക ഉണ്ട്. യോഗ്യത- എം.എ.ഇക്കണോമിക്സ്/ ഇക്കോണോമെടിക്സ്, കംപ്യൂട്ടർ പരിജ്ഞാനം. എം.ഫിൽ/പി.എച്ച്.ഡി അഭിലഷണീയം. ശമ്പളസ്കെയിൽ -36,600-79,200 |
| (ബി) | ഗ്രാമവികസന വകുപ്പിലെ ഏതെല്ലാം ലക്ചറർ തസ്തികകൾക്കാണ് സ്പെഷ്യൽ റൂൾ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | 22/01/2010-ലെ ജി.ഒ.(പി) നം.18/2010/തസ്വഭവ സ്പെഷ്യൽ റൂൾസ് പ്രകാരമുള്ള ലക്ചറർ തസ്തികകൾ ചുവടെ ചേർക്കുന്നു. സബോർഡിനേറ്റ് സർവ്വീസ് കാറ്റഗറി I (a) ലക്ചറർ ഗ്രേഡ് 2 (അഗ്രിക്കൾച്ചർ) (b) ലക്ചറർ ഗ്രേഡ് 2 (റൂറൽ എക്കണോമിക്സ്) (c) ലക്ചറർ ഗ്രേഡ് 2 (സോഷ്യൽ എഡ്യൂക്കേഷൻ) (d) ലക്ചറർ ഗ്രേഡ് 2 (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) (e) ലക്ചറർ ഗ്രേഡ് 2 (ഹോം സയൻസ്) സ്റ്റേറ്റ് സർവ്വീസ് കാറ്റഗറി II (a) ലക്ചറർ ഗ്രേഡ് I (അഗ്രിക്കൾച്ചർ) (b) ലക്ചറർ ഗ്രേഡ് I (റൂറൽ എക്കണോമിക്സ്) (c) ലക്ചറർ ഗ്രേഡ് I (സോഷ്യൽ എഡ്യൂക്കേഷൻ) (d) ലക്ചറർ ഗ്രേഡ് I (എക്സ്റ്റൻഷൻ എഡ്യൂക്കേഷൻ) (e) ലക്ചറർ ഗ്രേഡ് I (ഹോം സയൻസ്) കാറ്റഗറി II (ii) (a) ലക്ചറർ ഗ്രേഡ് I (റൂറൽ ഇൻഡസ്ട്രീസ്) (b) ലക്ചറർ ഗ്രേഡ് I (ആനിമൽ ഹസ്ബൻഡറി) (c) ലക്ചറർ ഗ്രേഡ് I (റൂറൽ എഞ്ചിനിയറിംഗ്) (d) ലക്ചറർ ഗ്രേഡ് I (കോ-ഓപ്പറേഷൻ) |
| (സി) | പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം ഏതെല്ലാം തസ്തികകളിലാണ് പി.എസ്.സി. നിയമനം നടത്തുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത | (സി) | പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരമുള്ള എല്ലാ തസ്തികകളിലും പി.എസ്.സി വഴിയാണ് നിയമനം നടത്തുന്നത്. എന്നാൽ സഹകരണ വകുപ്പിലെ |

| | | | |
|---|---|---|---|
| | തസ്തികകളിൽ പി.എസ്.സി. വഴി അല്ലാതെ ആരെങ്കിലും ജോലി ചെയ്യുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ; | | അസി. രജിസ്ട്രാർ തസ്തികയിൽ ജോലി ചെയ്യുന്ന 3 ഉദ്യോഗസ്ഥർ ലക്ചറർ ഗ്രേഡ് 1 (കോ-ഓപ്പറേറ്റീവ്) തസ്തികയിൽ കൊട്ടാരക്കര, തളിപ്പറമ്പ്, തൃശ്ശൂർ 'കില' സെന്റർ ഫോർ ഗുഡ് ഗവേണൻസ് (ഇ.റ്റി.സി) എന്നീ കേന്ദ്രങ്ങളിൽ ജോലി ചെയ്യുന്നുണ്ട്. ടിയാളുകളെ മാതൃവകുപ്പിലേക്ക് തിരിച്ചയച്ച് സർക്കാർ മുഖേന പി.എസ്സ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഗ്രാമവികസന വകുപ്പിന്റേതല്ലാത്ത ഏതെല്ലാം ലക്ചറർ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത തസ്തികകളിലേക്കുള്ള നിയമന രീതി എങ്ങനെ ആണെന്ന് വ്യക്തമാക്കാമോ; | (ഡി) | കിലയുടെ റീജിയണൽ സെന്ററായ കില-സി.എച്ച്.ആർ.ഡി.-യിൽ 7 ലക്ചറർ തസ്തികകൾ നിലവിലുണ്ട്.തസ്തികകളും നിലവിലുള്ള നിയമനരീതിയും ചുവടെ ചേർക്കുന്നു. 1) ലക്ചറർ (റൂറൽ ഡവലപ്പ് മെന്റ്) -ഗ്രാമവികസനവകുപ്പിലെ ഡി.ഡി.സി കേഡറിലുള്ള ഉദ്യോഗസ്ഥരുടെ ട്രാൻസ്ഫർ നിയമനം. 2) ലക്ചറർ (റൂറൽ ഇക്കണോമിക്സ്)- നേരിട്ടുള്ള നിയമനം 3) ലക്ചറർ (റൂറൽ സോഷ്യോളജി)- നേരിട്ടുള്ള നിയമനം 4) ലക്ചറർ (മാനേജ്മെന്റ്)-നേരിട്ടുള്ള നിയമനം 5)ലക്ചറർ (ഇൻഫർമേഷൻ ടെക്നോളജി ) -നേരിട്ടുള്ള നിയമനം 6) ലക്ചറർ (വനിതാ ശിശുവികസനം)- നേരിട്ടുള്ള നിയമനം 7)അസിസ്റ്റന്റ് പ്രൊഫസർ (പബ്ളിക് അഡ്മിനിസ്ട്രേഷൻ) -നേരിട്ടുള്ള നിയമനം |
| (ഇ) | ലക്ചറർ തസ്തികകളിലേക്ക് സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | നിലവിൽ ഗ്രാമ വികസന വകുപ്പിലെ ലക്ചറർ തസ്തികകളിലേക്ക് സ്പെഷ്യൽ റൂൾ പ്രകാരം പി.എസ്.സി. വഴിയാണ് നിയമനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ